മദ്‌റോശോ പരമ്പര – 1

# മാർതോമ്മായുടെ
# ഭാരത പ്രസ്ഥാനം

പ്രൊഫ. മാത്യു ഉലകംതറ

**St. Ephrem Ecumenical Research Institute (SEERI)**
Baker Hill, Kottayam – 686 001
Kerala – India.

July - 1996

www.malankaralibrary.com

മദ്റോശോ പരമ്പര - 1

# മാർത്തോമ്മായുടെ

# ഭാരത പ്രസ്ഥാനം

പ്രൊഫ. മാത്യു ഉലകംതറ

**St. Ephrem Ecumenical Research Institute (SEERI)**
**Baker Hill, Kottayam – 686 001**
Kerala - India.

July - 1996

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

(Malayalam-Poem)
MAR THOMAYUDE BHARATHA PRASTHANAM
(St. Thomas to India)

Author:
Prof. Mathew Ulakamthara
Kottayam-41

(A free verse renderring of the Verse Homily (Memra) of Jacob of Sarug on St. Thomas in India)

Published by:
St. Ephrem's Research Institute (SEERI)
Kottayam-1

Printed at:
Anaswara Printers, Sastri Road, Kottayam - 1

First Published July 1996

Rights Reserved

Price: Rs. 10

www.malankaralibrary.com

## മൂലഗ്രന്ഥകാരൻ

മാർ യാക്കോബ് മല്പാൻ എന്നറിയപ്പെടുന്ന
'സാറൂഗിലെ' യാക്കോബ് (+ 521 A. D.)

## മൂലഗ്രന്ഥം

'കർത്താവിനോടും തൻെറ ശ്ലീഹന്മാരോടും
'ഞാൻ ഇന്ത്യയിലേക്കു പോകയില്ല' എന്നു
പറഞ്ഞൊഴിഞ്ഞ തോമ്മാശ്ലീഹായെപ്പററി'
എന്ന തലക്കെട്ടുള്ള 'മീമ്റ'(=പദ്യപ്രസംഗം)

## സ്വതന്ത്രാനുവാദം

## പ്രൊഫ. മാത്യു ഉലകംതറ

www.malankaralibrary.com

# ആമുഖം

ഭാരതാപ്പസ്തോലനായ വിശുദ്ധ തോമ്മാശ്ലീഹായെക്കുറിച്ച് പല ഐതിഹ്യങ്ങളും ആദിമ ശതകങ്ങളിൽ നിലവിലിരുന്നു. അവയിൽ ചിലതു ക്രോഡീകരിച്ച് മാർ യാക്കോബ് മല്പാൻ ചെയ്ത ഭാവനാസമ്പന്നവും കാവ്യസുന്ദരവുമായ ഒരു പ്രഭാഷണമാണ് ഈ ലഘുകാവ്യത്തിന് ആസ്പദം.

സാറൂഗിലെ യാക്കോബ് (Jacob of Sarugh) അറമായ അഥവാ സുറിയാനി സാഹിത്യത്തിൽ വിശുദ്ധ അപ്രേമിന്റെ അടുത്ത സ്ഥാനിയാണ്. മെസൊപ്പൊട്ടേമിയായിൽ എഡേസ്സാ നഗരത്തിനും യൂഫ്രട്ടസ് നദീതടത്തിനും മദ്ധ്യേ സ്ഥിതി ചെയ്യുന്ന കൂർത്തംഗ്രാമത്തിൽ, അഞ്ചാം നൂററാണ്ടിന്റെ മദ്ധ്യത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. A.D. 470–ൽ നാം അദ്ദേഹത്തെ ആദ്യം കാണുന്നതു് എഡേസ്സായിലെ സുപ്രസിദ്ധമായ ദൈവശാസ്ത്രപഠനകേന്ദ്രത്തിൽ 12 വയസ്സുമാത്രം പ്രായമുള്ള ഒരു ദൈവശാസ്ത്രവിദ്യാർത്ഥിയായിട്ടാണ്. ക്രിസ്തുവിജ്ഞാനീയത്തിൽ ഏറെ തർക്കങ്ങളും വിദ്വേഷപൂർവകമായ വൈപരീത്യങ്ങളും നിറഞ്ഞ ഒരു കാലയളവായിരുന്നു അതു്. വിദ്യാർത്ഥിയായിരിക്കുമ്പോഴും യാക്കോബ് അന്ത്യോക്യൻ സ്കൂളിന്റെ സ്വാധീനത്തിനു വിധേയനായിരുന്നെങ്കിലും പഠനവിഷയങ്ങളിൽ സ്വന്തം ബോദ്ധ്യങ്ങളിൽ ഉറച്ചുനിന്നു് വിയോജിപ്പു പ്രകടിപ്പിക്കുവാൻ ധൈര്യം കാട്ടിയിരുന്നു. താർസൂസിലെയും മോപ്സുവെസ്റ്റിയായിലെയും(Tarsus&Mopsuvestia)തെയോഡോറസുമാർ, കീറോസിലെ തെയോഡെറെററ് എന്നിവരെ വേദവിപരീതികളെന്നു വിളിക്കുവാൻ അദ്ദേഹം വിമുഖത കാട്ടിയില്ല.

വിദ്യാഭ്യാസത്തെ തുടർന്നു് ഏതാനും ദശകങ്ങളും യാക്കോബ് അജ്ഞാതവാസിയെപ്പോലെയായിരുന്നു. സുറിയാനി ആദ്ധ്യാത്മികതയുടെ ചൈതന്യത്തിൽ അദ്ദേഹം സന്യാസജീവിതം നയിക്കുകയായിരുന്നു എന്നുവേണം കരുതുവാൻ. ഈ കാലയളവിലാണ്, അദ്ദേഹത്തെ ഭാവിയിലെ പ്രശസ്ത മല്പാനാക്കിയ സിദ്ധികളും വികാസം പ്രാപിച്ചതു്. ഇവയിൽ പ്രധാനം അഗാധമായ ആത്മീയതയും ഉത്കൃഷ്ടകാവ്യരചനാവൈഭവവുമാണ്.

502/503 കാലയളവിൽ യാക്കോബ് മല്പാൻ ഹവ്വരായിലെ കോർ എപ്പിസ്കോപ്പാ പദവിയിലേക്ക് ഉയർത്തപ്പെട്ടു. 518 അവസാനത്തിലോ 519–ന്റെ ആരംഭത്തിലോ സാറൂഗ്

www.malankaralibrary.com

പ്രവിശ്യയുടെ കേന്ദ്രമായ ബത്നാൻ നഗരത്തിന്റെ മെത്രാപ്പോലീത്താ ആയി അദ്ദേഹം അഭിഷേചിക്കപ്പെട്ടു. അന്ന് യാക്കോബിന് പ്രായം 70 വയസ്സായിരുന്നു. താൻ ആഗ്രഹിക്കാത്ത ഈ സ്ഥാനം സ്വീകരിച്ചത് വൈദികസമൂഹത്തിന്റെയും ദൈവജനത്തിന്റെയും നിർബന്ധത്തിനു വിധേയനായിട്ടാണ്. രണ്ടു വർഷക്കാലം മാത്രമേ മെത്രാപ്പോലീത്തയായി അദ്ദേഹം ജീവിച്ചുള്ളു. 521–ൽ കാലം ചെയ്ത ഈ പിതാവിനെ ഭദ്രാസനത്തിലെ പ്രധാന ദൈവാലയത്തിൽ കബറടക്കി.

## യാക്കോബിന്റെ കൃതികൾ

സഭാകവി എന്ന നിലയിൽ വിശുദ്ധ അപ്രേം കഴിഞ്ഞാൽ ഏറ്റവും ഉന്നതമായ നേട്ടങ്ങളാണ് സുറിയാനി സാഹിത്യത്തിൽ യാക്കോബ് നേടിയത്. സ്വന്തസഭയുടെ ചരിത്രരേഖകൾ പ്രകാരം 22–ാം വയസ്സു മുതൽ മരണംവരെയുള്ള അര ശതാബ്ദക്കാലയളവിൽ കാവ്യശൈലിയിലുള്ള (Memra) 763 പ്രസംഗങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഇവയിൽ പകുതിയോളം ഇന്നു ലഭ്യമല്ലാതായത് നിർഭാഗ്യകരമാണ്. ഗദ്യരൂപത്തിലുള്ള 12 പ്രസംഗങ്ങൾ (Turgame) നാനാവിഷയങ്ങൾ വിദഗ്ദ്ധമായി കൈകാര്യം ചെയ്യാൻ അസാധാരണ കഴിവുള്ള ഒരു മികച്ച വാഗ്മിയായിരുന്നു യാക്കോബ് എന്നുള്ളതിന് തെളിവായുണ്ട്. മൂവായിരത്തിലധികം ശ്ലോകങ്ങളിൽ, അദ്ദേഹം പഴയ നിയമ പുതിയ നിയമഭാഗങ്ങൾ, സഭയുടെ വിശ്വാസസത്യങ്ങൾ പെരുനാളുകൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയെല്ലാം വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. 4 മാത്രയിലുള്ള മദ്റോശെ, സോഗിയാത്തോ, തെശ്ബഹോസോ എന്നീ രൂപത്തിലുള്ള അനേകം ഗാനങ്ങളുടെയും രചയിതാവായിരുന്നു യാക്കോബ്. സഭാധികാരികൾക്കും സന്യാസശ്രേഷ്ഠർക്കും മററും അയച്ചവയും വിവിധ വിഷയങ്ങൾ പരാമർശിക്കുന്നവയുമായ അദ്ദേഹത്തിന്റെ 43 കത്തുകളും ഇന്നു ലഭ്യമാണ്.

പൌരസ്ത്യനാട്ടുകളിൽ സഭാകവി, പ്രാസംഗികൻ, വേദശാസ്ത്രജ്ഞൻ എന്നീ നിലകളിൽ വിശുദ്ധ അപ്രേമിനെപ്പോലെ യാക്കോബും ആദരിക്കപ്പെടുന്നു. പരിശുദ്ധാത്മാവിന്റെ ഓടക്കുഴൽ, വിശുദ്ധസഭയുടെ വീണ എന്നൊക്കെയാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെടുക. സുറിയാനിസഭ അദ്ദേഹത്തിന്റെ ഓർമപെരുന്നാൾ ആചരിക്കുന്നത് ജൂൺ, ജൂലൈ, ഒക്ടോബർ മാസങ്ങളിലെ 29–ാം തീയതിയിലാണ്. അർമേനിയൻസഭ സെപ്റ്റംബർ 25 നും മാരോനീത്താസഭ ഏപ്രിൽ 5നും അദ്ദേഹത്തിന്റെ അനുസ്മരണ അനുഷ്ഠിക്കുന്നു.

www.malankaralibrary.com

യാക്കോബിന്റെ കൃതികളിൽനിന്നു് 195 തെരഞ്ഞെടുക്കപ്പെട്ട പ്രസംഗങ്ങൾ മാത്രമേ ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളൂ. ബാക്കിയുള്ള കയ്യെഴുത്തു രേഖകൾ ഇനിയും പ്രകാശനം ചെയ്യേണ്ടവയാണു്. ഇവയിൽ 3 എണ്ണത്തിലാണു് തോമാ ശ്ലീഹായുടെ ഭാരതത്തിലേക്കുള്ള യാത്രയും ഇവിടുത്തെ പ്രേഷിത പ്രവർത്തനവും പ്രതിപാദ്യമായിരിക്കുന്നതു്. 743 വരികളുള്ള ആദ്യകൃതിയിൽനിന്നാണു് ഇപ്പോൾ ഭാഷാന്തരം ചെയ്തു പ്രസിദ്ധീകരിക്കുന്ന ഈ കാവ്യഭാഗം എടുത്തിരിക്കുന്നതു്. സുറിയാനി സഭാ പാരമ്പര്യമുള്ള കേരളീയർക്കു് സുറിയാനി സാഹിത്യസമ്പത്തിന്റെ ഭൂരിഭാഗവും ഇന്നും അജ്ഞാതമാണു്. ഈ കുറവു് ക്രമേണ പരിഹരിക്കാനുള്ള ഉദ്യമത്തിന്റെ പ്രാരംഭമായി ഈ ചെറുകൃതി പ്രകാശനം ചെയ്യുകയാണു്.

സിസ്റ്റർ മൈക്കിൾ SIC യുടെ സഹായത്തോടെ തയ്യാറാക്കിയ മലയാള വിവർത്തനം വിവിധവൃത്തങ്ങളിലുള്ള കവിതയാക്കിയതു് 'ക്രിസ്തുഗാഥ'യുടെ രചയിതാവായ പ്രൊഫ. മാത്യു ഉലകംതറ അവർകളാണു്. ലളിതമായ പദങ്ങൾ തെരഞ്ഞെടുത്തു്, മൂലകൃതിയുടെ അർത്ഥം ഒട്ടുംതന്നെ ചോർന്നു പോകാതെ ശ്രദ്ധിച്ചു്, ആർക്കും പാടി മനസ്സിലാക്കുവാനും ആസ്വദിക്കാനും ചേർന്ന രീതിയിൽ ഒരു സ്വതന്ത്രകാവ്യമായി സംവിധാനം ചെയ്യുകയാണദ്ദേഹം ചെയ്തിരിക്കുന്നതു്. ഒരു സംഗീത ശില്പമായി പാടി അവതരിപ്പിക്കുന്നതിനും നൃത്തനാടകത്തിനു് (ബാലെ) പശ്ചാത്തലസംഗീതമായി ഉപയോഗിക്കുന്നതിനും പര്യാപ്തമായ രീതിയിലാണു് ഈ ആവിഷ്കരണം.

കേരളസഭയ്ക്കും സാഹിത്യത്തിനും അമൂല്യമായ സംഭാവനകൾ നൽകിയിട്ടുള്ളയാളാണു് പ്രൊ. മാത്യു ഉലകംതറ. സർവ്വകലാശാലാപാഠ്യഗ്രന്ഥങ്ങളുൾപ്പെടെ പത്തുനാല്പതു ഗ്രന്ഥങ്ങളുടെ കർത്താവാണദ്ദേഹം. തേവര എസ്. എച്ച്. കോളേജ് പ്രൊഫസ്സർ, ദീപിക ആഴ്ചപ്പതിപ്പിന്റെ മുഖ്യ പത്രാധിപർ കെ. സി. ബി. സി. മതബോധന മാധ്യമമായ താലന്തിന്റെ സഹപത്രാധിപർ എന്നിങ്ങനെ വിവിധ സേവനരംഗങ്ങളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അദ്ദേഹം ഇപ്പോൾ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ഏറ്റുമാനൂർ കേന്ദ്രത്തിൽ മലയാളം പ്രൊഫസ്സറായി സേവനമനുഷ്ഠിക്കുന്നു. യേശുക്രിസ്തുവിന്റെ കഥ സുവിശേഷാസ്പദമായി ആർക്കും വീടുകളിൽ പാടാവുന്ന തരത്തിൽ കൃഷ്ണഗാഥയോടു കിടനില്ക്കുന്ന ഒരു മഹാകാവ്യമായി അദ്ദേഹം അടുത്തകാലത്തു രചിച്ചതാണു് പ്രശസ്തമായ ക്രിസ്തുഗാഥ. കെ. സി. ബി. സി. സാഹിത്യ അവാർഡുൾപ്പെടെ അനവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ള ആ കൃതി കേരളസഭയ്ക്കും

www.malankaralibrary.com

സാഹിത്യത്തിനും ലഭിച്ച ഒരു അമൂല്യസമ്പത്താണ്. ലളിതമായും അനായാസമായും പദ്യമെഴുതാനുള്ള അദ്ദേഹത്തിന്റെ കഴിവ് ഈ ക്ഷിപ്രകവനത്തിൽ പ്രകടമാണ്. ഞങ്ങളുടെ താല്പര്യമനുസരിച്ച് മാർ അപ്രേമിന്റെ ചില വിശിഷ്ട 'മരിയ' കീർത്തനങ്ങൾ ഇതിനുമുമ്പ് അദ്ദേഹം വിവർത്തനം ചെയ്തുതന്നിട്ടുണ്ട്. കലവറയില്ലാത്ത ഈ സഹകരണത്തിന് ഞങ്ങൾ അദ്ദേഹത്തോടു കടപ്പെട്ടിരിക്കുന്നു.

റെനെ ഗ്രഫേൻ (Rene Graffin S. J.) എന്ന പ്രശസ്ത സുറിയാനി പണ്ഡിതൻ, യാക്കോബിന്റെ പ്രസംഗങ്ങൾ അവയിൽ പ്രതിപാദിക്കുന്ന വിഷയങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ചിട്ടുണ്ട്. 107 പ്രസംഗങ്ങളിൽ, പഴയനിയമവാക്യങ്ങൾ, വ്യക്തികൾ, സംഭവങ്ങൾ, സ്ഥലങ്ങൾ മുതലായവ പരാമർശിക്കപ്പെടുമ്പോൾ, 92 എണ്ണത്തിലെ പ്രതിപാദ്യം പുതിയനിയമ സംഭവങ്ങളും, വ്യക്തികളും, അത്ഭുതങ്ങളും, ഉപമകളും മററുമാണ്. ദൈവമാതാവ്, നോമ്പാചരണം, അനുതാപം, പരേതസ്മരണ എന്നിവയും പ്രസംഗവിഷയങ്ങളായിട്ടുണ്ട്. ഏഴു പ്രസംഗങ്ങളെങ്കിലും യഹൂദർക്കെതിരായുള്ളവയാണ്.

അതിവിശിഷ്ടങ്ങളായ പ്രാചീന സുറിയാനി കാവ്യങ്ങൾ കേരളീയരെ പരിചയപ്പെടുത്തുന്നതിനായി ഞങ്ങൾ ''മദ്റോശോ'' എന്ന സുറിയാനി പദം (=ഗീത രൂപത്തിലുള്ള ഉപദേശം പ്രസംഗം) പേരായി നൽകിക്കൊണ്ട് ഒരു ഗ്രന്ഥപരമ്പര സമാരംഭിച്ചിരിക്കുകയാണ്. അതിലെ പ്രഥമഗ്രന്ഥമായി 'മാർതോമ്മായുടെ ഭാരതപ്രസ്ഥാനം' ഞങ്ങൾ സഹൃദയർക്ക് സമർപ്പിക്കുന്നു.

www.malankaralibrary.com

# മാർത്തോമ്മായുടെ ഭാരത പ്രസ്ഥാനം

കോറസ് (ഗായകസംഘം)

(പാന)

1—ാം ഗണം പാപങ്ങൾക്കു മറുവിലയായിട്ടു
പാരിനു വില്ക്കപ്പെട്ടോരജപുത്രാ
നീ നിമിത്തം സ്വതന്ത്രമാക്കപ്പെട്ടു
മാനവവംശമെന്നതു നിർണ്ണയം.
ഭാരതത്തിനായ് നീ വിററ ശിഷ്യൻെറ
വീരഗാഥകളിന്നവർ പാടട്ടെ.

2—ഗ മറെറാരുവനടിമയായ് പോകിലും
സ്വത്തു നേടി ജയിച്ചു നിൻസേവകൻ.
ആയവൻെറ കഥകൾ കഥിക്കുവാൻ
നാവിനേകുക വാക്കും വരങ്ങളും.

3—ഗ കൂട്ടിനായ് പണിക്കാരെന്നിയേ മഹാ—
കൊട്ടാരം തീർത്ത തച്ചൻെറ നന്ദനാ
ഉന്നത സൗധമിങ്ങു നിനക്കായി
നിർമ്മിച്ചോനെക്കുറിച്ചിവർ പാടട്ടെ.

4—ഗ നിൻമുറിവിലവൻ തൊട്ടകാരണം
ഇന്നവങ്കലേക്കോടുന്നു സൃഷ്ടികൾ.
അഗ്നിനാളത്തിൽ തൊട്ട വിരലിനെ
ആക്കു വർണ്ണിച്ചുപാടാൻ കഴിഞ്ഞിടും?

ശങ്കയേറെയുണ്ടിങ്ങനെയെങ്കിലും
തൻപ്രിയൻ തോമസിൻെറ പുരാവൃത്തം
തമ്പുരാനേശുവിൻെറ തുടർക്കഥ
ചൊന്നു യാക്കോബുമല്ലാനിതേ വിധം.

അപ്പസ്തോലന്മാരേശുവിൻ മുന്തിരി
ത്തോപ്പിൽ വേലക്കിറങ്ങാനൊരുങ്ങിനാർ
ഒന്നുചേർന്നു നറുക്കിട്ടു പാരിലെ
ഭിന്നദേശങ്ങൾ സ്വീകരിച്ചീടിനാർ.

(ശിഷ്യന്മാർ വട്ടത്തിലിരുന്നു നറുക്കെടുക്കുന്നു)

(ഓമനക്കുട്ടൻ)

1—ാം ശിഷ്യൻ (പത്രോസ്)

ഉത്ഥിതനേശുവിൻ സുവിശേഷം
ഇദ്ധരയിലറിയിക്കാൻ

www.malankaralibrary.com

പാവനാത്മപി കാട്ടിടും വഴി
ത്താരയിൽ നാം നടക്കണം.

2. ശി. എത്ര ദൂരവും സഞ്ചരിക്കണം
കഷ്ടതകഠം സഹിക്കണം
ഭൂതലത്തിൻെറയേതുകോണിലും
ഭീതികൂടാതെ ചെല്ലണം

3. ശി. ക്രൂശിലേറി മരിച്ചവൻ പുനർ
ജീവനാർന്നു വരുന്നതു
കണ്ടറിഞ്ഞവരല്ലയോ നമ്മഠം
ഇണ്ടൽ തീർന്നവരല്ലയോ?

4. ശി. വാതിൽപൂട്ടി മുറിക്കകത്തു നാം
ഭീതി പൂണ്ടു വസിക്കവേ
മുന്നിൽ വന്നവൻ 'ശ്ലാമ്മ' ചൊല്ലിയ–
തെങ്ങനെ നാം മറന്നിടും

1. ശി. വാതിലൊട്ടും തുറന്നിടാതക–
ത്തേതു മട്ടിലോ വന്നവൻ
വന്നതുപോലെ പോയി വാതിലിൻ
ബന്ധനം ഭദ്രമപ്പൊഴും

2. ശി. കണ്ടു നമ്മളപ്പൊൻമുഖം, കാതു
രണ്ടിനാൽ നുകർന്നാ സ്വരം.
വീട്ടിലില്ലായിരുന്നു തോമ്മയാ
ഭാഗ്യവേളയിൽക്കഷ്ടമേ.

3. ശി. നാഥനെക്കണ്ട വാർത്ത നമ്മള_
ന്നോതി വിശ്വസിച്ചില്ലയാഠം
ദൃഷ്ടിയാൽത്തന്നെ കാണണം മെയ്യിൽ
തൊട്ടു നോക്കി വണങ്ങണം.

4. ശി. കാണുവാൻ കൊതി മൂലമായിടാം
വാശി കാണിച്ചതന്നയാഠം
നന്മയായതു തീർന്നു ലോകത്തി–
നെന്നുമായതു സാക്ഷ്യമായ്.

(തോമ്മ പ്രവേശിക്കുന്നു.)

ആക്കു വീണു നറുക്കു പാരിലെ
പോക്കളങ്ങളിൽ പോകുവാൻ
ഭൂതലത്തിൻെറയേതുമൂലയ്ക്കി
ദീദിമൂസിനു ചൊല്ലുവിൻ.

www.malankaralibrary.com

1. (പത്രോസ്:)

റോമിലേക്കു ഞാൻ പോകണമെന്നു
വീണിതാ കുറി കാണുവിൻ

(കാണിക്കുന്നു.)

യോഹന്നാനെഫേസൂസിൽ പോകണം
സീയോനിൽ യാക്കോബെത്തണം

2. ശി. മത്തായിക്കല്ലോ യൂദയാ രാജ്യം
കിട്ടി തോമ്മാക്കു ഭാരതം
യേശുവിൻ ഹിതമാണിതു പരി–
പാവനാത്മാവിൻ നിശ്ചയം.

തോമ്മ:

ഭാരതം! പല ജാതിഭേദങ്ങൾ
ഭാഷകൾ ക്രൂരമാനവർ
ഞാനവിടേക്കു പോകുവാൻ കുറി
വീണതുത്തമമാകുമോ?

1. ശി. എന്തിലും ദൈവചിന്തിതങ്ങൾക്കു
സന്തതം നാം വഴങ്ങണം
പോകണം ഭവാനാഷ്ദേശത്തി–
നേകണം മാനസാന്തരം

2. ശി. ഏതു നാട്ടിൽ നാം പോകിലും അവൻ
കൂടെവന്നു തുണച്ചിടും
സർവ്വശക്തനാ സദ്ഗുരുവെങ്കി–
ലെന്തിനെ നാം ഭയക്കണം?

3. ശി. ക്രൂരരായ യഹൂദരിൽനിന്നു
പീഡയേററ മഹാഗുരു
ക്രൂശിലേറി മരിച്ചിട്ടും പുനർ
ജീവൻ പ്രാപിച്ചതില്ലയോ?

4. ശി. കല്ലറയിലടച്ചിട്ടും സർവ്വ
വല്ലഭനെയിത്തില്ലയോ.
മുദ്രവച്ച ശവക്കുഴി പൊളി–
ച്ചെത്തി സിംഹത്തിനൊത്തവൻ

1+2 ദുർഘടംതന്നെ ഭാരതം—പക്ഷേ
ശക്തി നസ്രായനേകിടും
പോക സോദരാ പോകനീ ഗുരു–
ശാസനം നിറവേററുക.

www.malankaralibrary.com

തോമ്മ:

നല്ല നാടകം കിട്ടി നിങ്ങൾക്ക
വല്ലതുമെനിക്കെന്തിനു്?
നിങ്ങൾ മുന്തിരി ശേഖരിച്ചു; ഞാൻ
വന്നു കാലാ പെറുക്കുവാൻ.

1. ശി. മുന്തിരിനട്ട കർഷകൻ ഫലം
കൊണ്ടു തോട്ടം നിറച്ചിതേ
നമ്മൾ ശേഖരിക്കായ്കയാലവൻ
തന്നെ മുന്നിട്ടിറങ്ങുന്നു.

2. ശി. യേശു തമ്പുരാൻ ചെയ്തോരത്ഭുതം
ആരു ചെയ്യുമിപ്പാരിതിൽ?
ഏറെയുണ്ടവൻ ചെയ്തകാര്യങ്ങ–
ളാരു വർണ്ണിക്കുമൊക്കെയും?

3. ശി. കൂടുതേടും കഴുകനെപ്പോലെ
ഭൂമി വിട്ടു പറന്നവൻ
വിണ്ണിലേക്കു കുതിച്ചപ്പോൾ ശിഷ്യർ
നമ്മളൊക്കെയനാഥരായ്.

4. ശി. എങ്കിലും മറന്നില്ലവൻ സ്വർഗ്ഗ
മന്ദിരത്തിലും നമ്മളെ
മുമ്പു വാഗ്ദാനം ചെയ്തപോൽ വിട്ടു
തമ്പുരാൻ പാവനാത്മനെ.

ഒരുമിച്ചു്:

തന്നിടുന്നു ബലവും ധൈര്യവും
ഇന്നു റൂഹയാമുന്നതൻ.
അഗ്നിപോലിന്നു നമ്മളെയൂതി
കത്തിക്കുന്നു കൃപാമയൻ.

1. ശി. രാജമുദ്രയാലങ്കനം ചെയ്തു
മാനസങ്ങളെയിങ്ങവൻ
ജ്വാലയായഗ്നി നാളമായവൻ
താണിറങ്ങി നമുക്കുമേൽ.

2. ശി. കാററുപോലവൻ വന്നിരമ്പവേ
താഴ്ത്തി നാം ശിരസ്സൊക്കെയും
ആയിരം ഭാഷകൊണ്ടു നമ്മുടെ
നാവുകൾക്കവൻ ജീവനായ്.

www.malankaralibrary.com

3, ശി. ദിക്കുകൾ വിട്ടണഞ്ഞ രാജാക്ക
ളൊക്കെയെത്തുത സ്തബ്ധരായ്
പണ്ഡിതന്മാരെക്കീഴ്പ്പെടുത്തി നാം
മന്ദബുദ്ധികൾ മുക്കുവർ

4. ശി. താണമർത്ത്യരിലൂടെയെത്തുന്നു
വാനിലെ ജ്ഞാനമിങ്ങനെ.
നഗ്നഭൂമിയെയാവൃതമാക്കി
നൽപ്പുതപ്പുപോൽ വിശ്വാസം.

എല്ലാവരും
ചേർന്ന് ചത്തവർക്കുയിർപ്പേകി നാം രോഗ—
മൊക്കെയും സുഖമാക്കി നാം.
ബാധകൾ പുറത്താക്കി കോതമ്പു
പാകുവാൻ കള നീക്കി നാം.

പേടി വേണ്ടിനി യേശുവിൻ വയൽ
തേടി വേഗമിറങ്ങുക,
ഏതു നാടുമവൻെറയല്ലയോ
ഭീതി വേണ്ടതിലൊട്ടുമേ.

II

(കോറസ്) (കാകളി)
1—ാം ഗണം

അന്ധകാരത്തെത്തുരത്തി പ്രകാശമായ്
വന്നുദിച്ച സൂര്യനേകജാതൻഭുവി
പാരിൽ കളകൾ പിഴുതെറിഞ്ഞെങ്ങുമേ
നേരിൻെറ വിത്തു വിതച്ചാ കൃഷീവലൻ

2—ാംഗണം ശിഷ്യഗണത്തോടതെന്നും തുടരുവാ—
നാജ്ഞയും നൽകിയയച്ചൂ ദിശകളിൽ.
സദ്വാർത്ത കേട്ടു വിശ്വാസം വരിപ്പോർക്കു
സജ്ജലസ്നാനവുമേകുവാനോതിനാൻ.

1—ഗ രക്ഷാകരമായ വത്സരം പന്ത്രണ്ടു
പുഷ്ടമാസങ്ങളായ് വേർതിരിയും പോലെ
പന്തിയിൽ സിംഹാസനാർഹരായ് താനന്നു
പന്ത്രണ്ടുപേരെ നിയോഗിച്ച തമ്പുരാൻ

2—ഗ ആഴിതന്നാഴവും വാനിന്നുയരവു—
മായവർക്കന്നവൻ കീഴ്പ്പെടുത്തീ പ്രഭു.

www.malankaralibrary.com

ദൈവഭവന വിചാരിപ്പുകാരായി
സർവ്വാധികാരവും നല്കീ മുറസ്സുവൻ.

1—ഗ ഏകമായുള്ള സുവിശേഷഘോഷണം
ഭാഗിച്ചു പന്ത്രണ്ടുപേർക്കും കൊടുക്കയായ്.
വ്യത്യസ്ത ദേശത്തു പോയി പണിചെയ്തു
മത്സരബുദ്ധ്യാ ജയം ശിഷ്യർ നേടണം.

2—ഗ താലന്തു പങ്കിട്ട നല്കിയേററക്കുറ—
വേതാനുമുണ്ടെങ്കിലെന്തു ചിന്തിക്കവാൻ
കിട്ടിയ താലന്തിരട്ടിയാക്കീടുകിൽ
കിട്ടും പ്രതിഫലം ശങ്കിക്കവേണ്ടതിൽ.

1—ഗ ശത്രുക്കളൊട്ടുകാംക്കള്ളിൽ കടക്കിലു—
ണ്ടെത്തുമിടയൻ വടിയുമായ് നിശ്ചയം.
ആശ്രയം തന്നിലർപ്പിപ്പോർക്കു മാത്രമേ
നിസ്സഹായതചമാപത്തിൽ ഭവിച്ചിടൂ.

2—ഗ ഇന്ത്യയിൽ പോകാൻ കുറിവീണ തോമസ്സി
ന്നുണ്ടായി ശങ്കയെതിർപ്പും പലവിധം
സംഘത്തലവനാം പത്രോസിനോടയാം
ശണ്ഠക്കൂടാനമൊരുങ്ങി സയുക്തികം.

(രംഗം)

(നാടൻ പാട്ട്)

തോമ്മ: വേറുള്ള നാടുകാം നിങ്ങൾക്കും
ഭാരതദേശമിത്തോമ്മായ്ക്കും
യേശുവിന്നിഷ്ടമിതല്ലല്ലോ
മോശമിപ്പങ്കിടൽ പത്രോസേ.

പത്രോ:

ഏവരും കൂടി കുറിയിട്ടൂ
ഏതും ഞാൻ ചെയ്തില്ല പ്രത്യേകം.
നാഥനു വേണ്ടി മരിക്കാനും
നീ തുനിഞ്ഞില്ലയോ പണ്ടൊക്കെ.

തോമ്മ:

ജ്ഞാനസങ്കേതമാം റോമ്മായിൽ
നീയിന്നു പോകാനൊരുങ്ങുന്നോ

www.malankaralibrary.com

നാഥനെത്തള്ളിപ്പറഞ്ഞിട്ടോ
നീയെടുക്കുന്നതീ സമ്മാനം.

പത്രോ:

റൂഹായിടപെട്ടു കൈതൊട്ടു
റോമായെനിക്കായ് കുറിപെട്ടു
ഇന്ത്യ നിനക്കവൻ പങ്കിട്ടു
എന്തിതിൽ ഞാനോ പിഴപെട്ടു.

തോമ്മാ:

രണ്ടുപേരായ് നിങ്ങൾ പോകുമ്പോൾ
താണ്ടണമൊററയ്ക്കു ദൂരം ഞാൻ.
കുററം ചുമത്തി വിധിക്കുന്നോ
ഒററയ്ക്കുയയ്ക്കുവാനെന്തേവം.
കൈപ്പിഴയുണ്ടായതാവില്ലേ
ഇപ്പോഴെടുത്ത നറുക്കിങ്കൽ?
റോമയിലേക്കിന്നു ഞാൻ പോകാം.
ഭാരതം പത്രോസിനാകട്ടെ.

പത്രോ:

പേശിപ്പകുക്കണമെന്നാണോ
ഈശ്വര നിശ്ചയം മാറാമോ
കണ്ടിതം സോദരനെന്തേവം
സന്തോഷമോടങ്ങു പോയാലും.

തോമ്മാ:

കോതമ്പുപോയ് നിങ്ങൾ കൊയ്യുമ്പോൾ
കാലാ പെറുക്കുവാൻ ഞാനെന്നോ?
ആയിരം ചെന്നായ്ക്കിടയിൽ ഞാ—
നാടിനെപ്പോൽ വീണു ചാകാനോ?
ഞാനില്ല ഞാനില്ല ഞാനില്ല
നേരല്ല നിങ്ങൾ തൻ വാദങ്ങൾ
നാഥൻെറയിഷ്ടമിതാണെങ്കിൽ
നേരിട്ടുതെന്നോടു ചൊല്ലട്ടെ.

(മററു ശിഷ്യന്മാർ പ്രവേശിക്കുന്നു)

(മാവേലി)

www.malankaralibrary.com

യാക്കോ:

പണ്ടുമിതുപോലെ സംശയിച്ചു
കണ്ടു നീ വിശ്വസിച്ചില്ലെൻെറ തോമ്മാ
കാണാതെ വിശ്വസിച്ചീടുവാനും
ശാസനം നൽകി നമുക്കു നാഥൻ.
ശിഷ്യരിൽ മുമ്പനീക്കേപ്പയെന്നു
കാട്ടുവാൻ റോമ്മയവന്നു നല്കി.
പട്ടണവൃന്ദത്തിൽ മാതൃസ്ഥാനം
കിട്ടിയിരിപ്പതു റോമിനല്ലോ.

യോഹ:

അന്ധവിശ്വാസങ്ങളും സംശയങ്ങളും
ഇന്ത്യയിലേറെയുണ്ടെന്നു കേൾപ്പു
സംശയശീലനാം തോമ്മ തന്നെ
വിശ്വാസമിന്ത്യയ്ക്കു നൽകിടേണം
ഉത്ഥിതനേശുവെ കണ്ടുവെന്നും
തൊട്ടു നീ വിശ്വാസം പൂണ്ടുവെന്നും
നീ പറഞ്ഞാലവർ വിശ്വസിക്കും
വേറുള്ളോരൊത്തു പോയാലുമാകാ.

തോമ്മാ:

വിശ്വസനീയൻ ഞാൻ മാത്രമെങ്കിൽ
വിശ്വം മുഴുവനെനിക്കു നല്കൂ
ഇങ്ങു ഞാൻ മാത്രം നിയുക്തനെങ്കിൽ
നിങ്ങളും വെറുതേയിരുന്നു കൊള്ളൂ.
വിശ്വശിരസ്സാകും റോമ്മയല്ലോ
വിശ്വാസം നേടേണ്ടതെന്നിൽ നിന്നും
ശിഷ്യപ്രധാനൻ ഭരണവുമായ്
വിശ്രമിക്കട്ടെ സിംഹാസനത്തിൽ.

പത്രോ:

സേവരിൽ മുമ്പനും തമ്പുരാൻെറ
സേവചെയ്യേണം ഭരണമല്ല,
നേരറിയിക്കും പ്രഘോഷണത്തിൽ
ആരുമൊഴിവാക്കപ്പെട്ടതില്ല.
നാഥൻെറ കല്പന സ്വീകരിക്കാൻ
നാമെല്ലാം നിർബ്ബദ്ധരാണൊരുപോൽ.
ഇന്ത്യയിൽ പോകണം താങ്കളെന്നും
തമ്പുരാൻ കല്പിച്ചിരിപ്പതല്ലോ.

www.malankaralibrary.com

(തോമ്മാ—സ്റ്റേജിൻെറ വശങ്ങളിൽ മാറി മാറി നിന്നു് ആത്മഗത രൂപേണ ഭാവഭേദങ്ങളോടെ പ്രത്യുത്തരം നല്കുന്നു.)

തമ്പുരാൻ നേരിട്ടു തന്നതല്ല
തുമ്പം കലർന്ന കട്ടത്തൊരാജ്ഞ
കുററപ്പെടുത്തരുതെന്നെ നിങ്ങൾ
ഒററയ്ക്കു ഞാനില്ല ഭാരതത്തിൽ.

കിട്ടി നറുക്കെന്നു ചൊല്ലരുതേ
തെററിയതാണു നറുക്കെടുപ്പിൽ.
കുററിയും കാടും നിറഞ്ഞദേശം
വെട്ടിത്തെളിക്കാനൊരാളുപോരാ.
വേലക്കാരേറെയവിടെ വേണം
വേല തനിച്ചു ഞാൻ ചെയ്കയില്ല.
വെട്ടിക്കിളച്ചു നിലമൊരുക്കാൻ
വിത്തുവിതയ്ക്കാനൊരാളുപോരാ.

ഇന്ത്യയിൽ പോയി ഞാൻ കാടൊരുക്കി
മണ്ണുമുഴുതു കഴിഞ്ഞിടുമ്പോൾ
നിങ്ങൾ വിതച്ചു വിളവെടുത്തു
മന്നവനേകിക്കഴിഞ്ഞിരിക്കും.
കല്ലു ചെത്താൻ ഞാനൊരുങ്ങിടുമ്പോൾ
പള്ളികൾ നിങ്ങൾ പണുതിരിക്കും
ആടു ഞാൻ തേടുമ്പോൾ നിങ്ങളെല്ലാ—
മാലയിൽ പററം നിറച്ചിരിക്കും.

കൂരിരുൾക്കാടതിൽ സൂര്യരശ്മി
ഓരോന്നു വീഴാൻ തുടങ്ങിടുമ്പോൾ
നിങ്ങളൊരുക്കും പുരത്തിലെങ്ങും
മിന്നിത്തിളങ്ങും നട്ടുച്ചസൂര്യൻ.

ഇല്ല ഞാനിന്ത്യയിൽ പോകയില്ല
അല്ലെങ്കിൽ നിങ്ങളും കൂടെ വേണം.
ഏകമാം വിശ്വാസമെന്തിനേവം
ഭാഗിച്ചിടുന്നു പലക്കു നിങ്ങൾ

(അപ്പസ്തോലന്മാർ മാറി മാറി)

1 ശി. ഭോഷനെപ്പോലെ സഹോദരാ നീ
ഭാഷണം ചെയ്യുവാനെന്തു കാര്യം.
കുററമൊന്നും ഞങ്ങൾ ചെയ്തിടാതെ
കുററപ്പെടുത്തുന്നു ഞങ്ങളെ നീ.

www.malankaralibrary.com

2 ശി. ഉന്നത ദൈവകുമാരനേശു
നിന്നെയിന്ത്യയ്ക്കായ് തിരഞ്ഞെടുത്തു
നിന്നോടൊരുമിച്ചു പോരുവാനും
തന്നില്ല നിർദ്ദേശം മറ്റൊരാൾക്കും.

3 ശി. നാഥൻ നയിക്കുമിടത്തു പോയി
വേദോപദേശം നീ നല്കിയാലും
ഈയെതിർപ്പൊക്കെ വിഫലമത്രേ
നീയതുപേക്ഷിച്ചു പോകവേഗം.

4 ശി. പോകാൻ നിനക്കിഷ്ടമില്ലയെങ്കിൽ
പോകാതിരിക്കാമതാണു ഭേദം
അല്ലാതെയെന്തിനു കൂട്ടുകാരിൽ
എല്ലാപ്പഴിയും ചുമത്തിടുന്നു.

1 ശി. ഞങ്ങൾക്കുവേണ്ടിയല്ലങ്ങു പോകാൻ
ചൊന്നതു നാഥനു വേണ്ടിയത്രേ.
ഘോഷിച്ചിടേണ്ടതും ഞങ്ങളെയ–
ല്ലേശുവിൻ നാമമതൊന്നുമാത്രം.

2 ശി. നിന്റെ നറുക്കിലാണിന്ത്യ വീണു
നിന്നെയയപ്പതു റൂഹയല്ലോ.
കെട്ടിയേല്പിച്ചിടുന്നില്ല ഞങ്ങൾ
കുറ്റപ്പെടുത്തുന്നതെന്തു പിന്നെ?

3 ശി. ഞങ്ങൾക്കു തന്നതുപോലെ തന്നെ
തന്നൊരു പങ്കു നിനക്കുമാത്മാ.
ദൈവനിയോഗത്തെ നീയെതിർത്താൽ
കേവലം ദോഷം നിനക്കുതന്നെ.

4. ശി. അന്നുയിർപ്പിൻ സത്യമോതി ഞങ്ങൾ
ഞങ്ങളെ നീയോ നുണയരാക്കി
ഇന്നുമതേവിധം നീ ശഠിപ്പൂ
തന്നിഷ്ടമാണു നിനക്കു സത്യം.

1. ശി. യോനാപ്രവാചകനെന്നപോലെ
നീയയയ്ക്കപ്പെടും തർക്കമില്ല.
പാവനാത്മാവു പിടിച്ചുകെട്ടി
ഭാരതത്തിൽ നിന്നെക്കൊണ്ടുപോകും.

ശി. 2. രോഗാതുരമായൊരാ വിദേശേ
ചേരുന്ന വൈദ്യനായ് നീ നിയുക്തൻ.
ഘോരാന്ധകാരത്തിനുള്ളിലേക്കു
ദീപമായ് നിന്നെയയച്ചിടുന്നു.

www.malankaralibrary.com

ശി. 3. ദീപം പറക്കീഴിൽ വച്ചിടാതെ
താലന്തു മണ്ണിൽ കുഴിച്ചിടാതെ
രാജാവയസ്സും വിദൂരദിക്കിൽ
പോരാടുവാനായ് തുനിഞ്ഞിറങ്ങൂ.

ശി. 4. നീയവക്ക്ജ്ഞാതമായ പുത്തൻ
ജ്ഞാനമവക്കുപകർന്നു നല്കു
കേൾക്കാതെയെങ്ങനെ വിശ്വസിക്കും.
വക്താവില്ലെങ്കിലതാരു കേൾക്കും?

തോമസ്.

നിങ്ങളീ വിശ്വാസസത്യമെല്ലാം
എന്നെ പഠിപ്പിക്കാൻ നോക്കിടുന്നു.

നിങ്ങളിൽനിന്നു പഠിക്കുവാനായ്
കുഞ്ഞല്ല ഞാനൊരു ഭോഷനല്ല.

ദൂരെ പ്രയാസങ്ങളുള്ള നാട്ടിൽ
ഏറെ പ്രഗത്ഭന്മാർ പോയിടേണം.

ഏഴാമനാണു ഞാൻ ശിഷ്യവൃന്ദേ
കേഴാതെയാദ്യന്മാർ പോകമുമ്പേ.

പോരാളിമാരിൽ പ്രഗത്ഭരെത്താൻ
രാജാവയസ്സും കടുത്തനാട്ടിൽ

കേമനാം ശീമോനെത്തന്നെവേണം
തോമസ്സല്ലിന്ത്യയ്ക്കു ചേർന്ന വ്യക്തി.

കേപ്പായും കൂട്ടരും മീൻ പിടിക്കെ
സാത്താനെ നേരിടാൻ പോകണോ ഞാൻ.

നാടുകളൊക്കെ ഞാൻ സഞ്ചരിക്കാം
സോദോംഗൊമോറായിൽ വേദമോതാം

ഘോരസർപ്പങ്ങളെ ഞാൻ മെരുക്കാം
തീരമില്ലാത്ത കടലിൽ മുങ്ങാം.

എന്നാലുമില്ല ഞാൻ പോവുകില്ല
കൊന്നാലുമിന്ത്യയിലേക്കുമാത്രം.

വിത്തു കല്ലിന്മേൽ വിതയ്ക്കയില്ല
മുത്തുകൾ പന്നിക്കേറിയുകില്ല.

അത്തിപ്പഴങ്ങളും മുന്തിരിയും
മുൾച്ചെടിക്കുള്ളിൽ ഞാൻ തേടുകില്ല.

www.malankaralibrary.com

1. ശാഠ്യംതുടരാതെ സോദരാ നീ
പത്രോസ്: ശ്രേഷ്ഠമല്ലോ നിൻ നിയുക്തകർമ്മം

എല്ലാരുമിങ്ങനെ പിന്തിരിഞ്ഞാൽ
നല്ല സുവിശേഷമാരു ചൊല്ലും?

ശങ്കിച്ചു ശാഠ്യം പിടിച്ചു നിന്നാൽ
പങ്കില്ല യേശുവിലോർമ്മ വേണം.

കേട്ടില്ല ഭാരതം നിന്നെയെങ്കിൽ
കുററം നിനക്കതിൽ തെല്ലുമില്ല.

വിത്തുവിതപ്പതേ നിൻെറ ധർമ്മം
കാത്തു രക്ഷിപ്പവൻ കർഷകൻ താൻ.

ചെയ്യുന്ന വേലയവൻ ഗണിക്കും
കൊയ്യുന്നതൊക്കെയവൻെറ കാര്യം.

അന്തിനേരത്തു പണിക്കിറങ്ങും
മന്ദനും നല്കുന്നു കൂലിയൊപ്പം.

ഇന്ത്യയിൽ ചെന്നു നീ വേല ചെയ്യൂ
അന്ധതയെല്ലാം തുടച്ചുമാററൂ.

മാലിന്യമെല്ലാം കഴുകി നീക്കൂ
ജീവജലത്തിന്നുറവയാലെ

ദൂരീകരിക്ക ദുരാചാരങ്ങൾ
ഘോരമാം ജാതിചിന്താദിയെല്ലാം

രോഗികൾക്കല്ലയോ വേണ്ടൂ വൈദ്യൻ
ദാഹിപ്പവർക്കല്ലോ വെള്ളം വേണ്ടൂ.

രോഗാർത്തമാണിന്ത്യയെങ്കിലല്ലോ
പോകേണ്ടതങ്ങു നീ കൂട്ടുകാരാ.

തോമസ്:

റാഹേലിനായ് ഞാൻ വേലചെയ്തു
ലയ്യായെ നിങ്ങളെനിക്കു നല്കി.

ഉത്തമബോധ്യം തിരഞ്ഞതിനോ
കുത്തുവാക്കോതി മുറിപ്പെടുത്തി.

പാറയിൽ വീടൊന്നു വച്ചുവാനായ്
ഏറെക്കൊതിച്ചു ഞാൻ നിന്നിടുമ്പോൾ

പാഴ്മണൽക്കാട്ടിൽ പണിതുയർത്താൻ
പാഠം പഠിപ്പിക്കയാണു നിങ്ങൾ,

www.malankaralibrary.com

നാഥനെനിക്കു വെളിപ്പെടുത്തും
പാതയിൽ കൂടി ഞാൻ സഞ്ചരിക്കും.

(ശ്ലോകം — പിന്നണി)

തർക്കം മൂത്തു പരസ്പരം, കടുകിട
യ്ക്കാരും വഴങ്ങാതെയാ
യാക്കം വാക്കിനു കൂടിടുന്നു ശിമയോൻ
തോൽക്കുന്നു തോമ്മായൊടും
തക്കം പാർത്തിതു പന്തിയല്ല മുറിവിൽ
തൊട്ടോൻെറ ശാഠ്യങ്ങളെ—
ന്നാരാംക്കാമ്പിൽക്കരുതിക്കടന്നു നടുവിൽ
വന്നാൻ മഹേശാത്മജൻ.

(യേശു പ്രവേശിക്കുന്നു)

യേശു:

കലങ്ങേണ്ടാ മനം — നിങ്ങരാംക്കരുമ ശിഷ്യരേയുള്ളിൽ
വിളങ്ങട്ടെ സമാധാനം — തരുന്നു ഞാനതു വീണ്ടും.
മറന്നോ നീപ്രിയതോമ്മാ — ഗുണദോഷം നിനക്കേറെ
പ്പറഞ്ഞു ഞാൻ തന്നതെല്ലാം — പിടിവാശിമൂറുകുന്നോ?
ഒരിക്കൽ നീ വിശ്വസിക്കാൻ — മടിച്ചു നിന്നപ്പോരാം വന്നു
നിനക്കു മുന്നിൽ ഞാൻ നിന്നു — വിലാവും കാട്ടി ഞാൻ തന്നു.
തൊടുക വിശ്വസിക്കയെ — ന്നരുളി നിൻ വിരലെൻെറ
മുറിവിൽ ചേർത്തുവച്ചില്ലേ — അഴലും തീർത്തുതന്നില്ലേ?
നിനക്കു ഞാൻ തന്നതൊന്നും — കൊടുത്തില്ല സഹജർക്കെൻ
നിണവും നിൻവിരൽത്തുമ്പിൽ — പുരണ്ടു മുദ്രയായ്ത്തീർന്നു
ശരിക്കും കാണാതെതന്നെ — വിശ്വസിക്കാൻ ജഗത്തിനെ
പഠിപ്പിച്ചു കൊടുക്കാൻ നീ — യന്നുതന്നെ നിയുക്തനായ്,
ഇന്ത്യയിലെൻ സുവിശേഷം — കൊണ്ടുചെന്നു കൊടുക്കുവാൻ
നിന്നെ വച്ചതന്യനല്ല — കുറിവീണതടയാളം.
അവനെ ഞാൻ കണ്ടുവെന്നും — മുറിവിൽ ഞാൻ തൊട്ടുവെന്നും
അറിയിക്ക ഭാരതത്തി — ലതുമെൻെറ നിയോഗം താൻ.
എന്നുയിർപ്പിൽ ശങ്കതോന്നി — സ്നേഹവും നീസംശയിച്ചു.
നിന്നെയതിനടിമയായ്—വിലയ്ക്കുവാൻ ഞാൻ നിശ്ചയിച്ചു.
അറിയട്ടെ ലോകമെല്ലാ — മീയടിമസ്സുടമയായ്
നിരതദ്രവ്യമായ് നില്—പതിങ്ങു ഞാനെന്നുള്ള സത്യം.
നീ തനിച്ചല്ലിന്ത്യയിൽപ്പോയ് — വേലചെയ്യാനൊരുങ്ങുന്നു,

www.malankaralibrary.com

ക്കൂടെഞാനുണ്ടെന്നതും നീ — വിസ്മരിച്ചു കളയല്ലേ
എട്ടക്ക നിൻ കുരിശിപ്പോഠം — നടക്ക നോക്ക നീ ദൂരെ
നിനക്കു ഞാൻ കീഴ്പ്പെടുത്തു — മാഴിയും വൻഗിരികളും.
പേരിനു ഞാൻ ജോസഫിൻെറ — നന്ദനനായ്ത്തീന്നപോലെ
പേരിനു നീയെന്നടിമ — സ്നേഹിതൻ നീ സത്യമോത്താൽ
നിന്നിലൂടെ സ്വതന്ത്രനായ് — ത്തീരണമെനിക്കതോത്തു
നിന്നെ ഞാനിന്നടിമയായ് — വച്ചതെന്നുമറിയേണം.
എന്നെ വിററു മരണത്തി — ന്നൊരുത്തനിസ്ലറിയോത്താ
നിന്നെ ഞാൻ ജീവനിലേക്കു — പോകുവാനായ് വിററിടുന്നു.
സ്വന്തമിഷ്ടപ്രകാരം ഞാൻ — ദാസനായിത്തീർന്നപോലെ.
യിന്നു നീയും സ്വേഛയാലെ—ദാസനായിത്തീർന്നു കൊഠംക.
ഗുരുവെക്കാഠം വലുതല്ല — ശിഷ്യനെന്നു ധരിക്ക നീ
ഗുരുവെപ്പോലായതോർത്തു —ചരിതാത്ഥനാകവേണ്ടു.

(താരാട്ടു്)

തോമ്മാ;

എന്തു നീചൊല്ലിലും കേഠംക്കാം—നാഥാ
ഇന്ത്യയിലേക്കു ഞാൻ പോകാം.

എങ്കിലും വില്ക്കുതെന്നെ ഭവാൻ
സ്വന്തമടിമയായ്ക്കഷ്ടം.

ഞാനിന്നടിമയെന്നാകിൽ—ആദ്യം
പോണമടിമയായ് ശീമോൻ.

മററുള്ളവരെ നീ വിററാൽ—പിന്നെ
കുററമില്ലെന്നെയും വില്ക്കാം.

മാനമവക്കു കൊടുത്തി—ട്ടെന്നെ
നാണംകെടുത്തരുതേവം.

അപ്പോസ്തലനായിപ്പോണോ—വില
കെട്ടൊരടിമയായ്പോണോ?

രണ്ടിലൊന്നല്ലാതെ നാഥാ—ഇന്നു
രണ്ടുമൊരാളിനു ചേരാ.

ഈശനുംമാമോനുമൊപ്പം—സേവ
പാടില്ലെന്നല്ലോ നീ ചൊന്നു.

രണ്ടു പദവിയിൽ ജോലി—ചെയ്താൽ
രണ്ടും പരാജയമാകും.

www.malankaralibrary.com

(മുട്ടിന്മേൽ നിന്നു്)

വില്ലരുതെന്നെ നീ നാഥാ—ദാസൻ
വിട്ടാൽ സ്വതന്ത്രനായ്പോകാം.

ഏതു പണിയും ഞാൻ ചെയ്യാം—വിററ
ദാസനായ്പോകുക വയ്യാ.

ഇന്ത്യയെനിക്കിഷ്ടമില്ലാ—പക്ഷേ
നിന്തിരുവിഷ്ടം നടത്താം.

ഹീനനടിമയായല്ല—നിൻെറ
മാനിതശിഷ്യനായ്ത്തന്നെ.

വേദപ്രചാരമടിമസ്ഥല്ല
വേലയായാളുകളോൎക്കം.

ഒന്നുകിൽ ഞാനൊരടിമ—അത—
ല്ലെങ്കിലപ്പോസ്തലൻമാത്രം.

നിന്നെ സ്വതന്ത്രനാക്കാനോ—എനി
ക്കിന്നു നീ നൽകുന്നു ദാസ്യം.

ആദം വരിച്ചോരു ദാസ്യം—നീക്കി
നീ തന്നു ഞങ്ങൾക്കു മുക്തി

ചെന്നിണം ചിന്തി—നീയേവം—നേടി
ത്തന്ന സ്വതന്ത്രതവിട്ടു

വീണ്ടുമടിമയായ്ത്തീരാൻ—എന്നൊ—
ടെന്തിനു കല്പിച്ചിടുന്നു.

വില്ലുവാൻതന്നെ നിൻചിത്ത—മെങ്കിൽ
വില്ലണമാദ്യമിവരെ

കേപ്പപീലിപ്പോസു യോഹ—ന്നാനും
വില്പനപത്രമൊരുക്കൂ

എങ്കിൽ നീ പത്താൾക്കു വിററാൽ—പോലും
സങ്കടമില്ലെനിക്കൊട്ടും.

ധിക്കരിക്കുന്നതായ് തോന്നീ—ടല്ലേ
ഒക്കെയും നിന്തിരുവിഷ്ടം.

ഞാനൊരടിമയാണെങ്കിൽ—എൻെറ
നാഥനായ് നീതന്നെ വേണം.

നീയെന്നെജമാനനായി—ക്കൂടെ
പ്പോരുകയും ചെയ്തിടേണം.

www.malankaralibrary.com

നീ പറയുന്നിടത്തൊക്കെ—വിത്തു
പാകിക്കിളിർപ്പിച്ചുകൊള്ളാം.

രോഗങ്ങരം മാററാം നിന്നാജ്ഞ—പോലെ
ചാകുന്നവക്കുയിർപ്പേകാം.

ബാധകളെല്ലാമൊഴിക്കാം—സ്വർഗ്ഗ
സൗധം നിനക്കായ് ചമസ്സാം.

നീയെന്നരികിലുണ്ടെങ്കിൽ—എനി
ക്കേതും ഭയമില്ലിനിമേൽ.

(മഞ്ജരി)

യേശു: ശങ്കനിനക്കേറെയുള്ളതായ്ത്തോന്നുന്നു
സങ്കടവും കാണ്മൂ നിന്റെ വാക്കിൽ

എന്തേ നിൻ വിശ്വാസമേവം ക്ഷയിക്കുന്നു
എന്തേ നിൻ സ്നേഹം കുറഞ്ഞിടുന്നു.

നിന്നെ ശവക്കുഴിക്കുള്ളിൽ ഞാൻ വിട്ടാലും
ഖിന്നതയെന്തിനു തോന്നിടുന്നു

ഞാനത്രേ ജീവനും മൃത്യുവിനും നാഥൻ
നീയിന്നതൊക്കെ മറന്നുപോയോ.

എന്റെ സ്നേഹാധീന ദേശത്തു നിന്നിന്ത്യ
ഭിന്നമെന്നുണ്ടോ നിനക്കു ചിന്ത.

ദാസനായ് വില്ക്കപ്പെടുന്നു നീയെങ്കിലും
രാജാക്കരം വന്നു വണങ്ങും നിന്നെ.

ബന്ധിതരായോരനന്യാസ് ഭവനത്തിൽ
സന്തതിമാരെ നീയോർത്തുനോക്കൂ

അന്യരാജ്യത്തവർ പീഡിതരാകിലും
വന്നുരാജാക്കരം വണങ്ങിയില്ലേ?

സർണത്തലവൻ നബുക്കദനേസറും
ബന്ധിതനേകി ധൂപാർപ്പണങ്ങരം.

ഞാനതിച്ഛിച്ചപ്പോളഗ്നിതണുത്തില്ലേ
വായടഞ്ഞില്ലയോ സിംഹങ്ങരംക്കും.

ദാസനെ ശക്തനായ്ത്തീക്കുന്നവനും ഞാൻ
ദാസനെ നാഥനായ് തീക്കുവോനും.

ഈജിപ്തിലേക്കന്നടിമയായ് വിററൊരു
ജോസഫിനെയും നീയോർത്തുനോക്കൂ

www.malankaralibrary.com

പൊട്ടക്കിണററിൽ നിന്നല്ലോ മഹത്ത്വത്തിൻ
രത്നപീഠത്തിലവൻ കരേറി?

ജോസഫീജിപ്തിലേക്കെന്നതുപോലെ നീ
പോകണം ദാസനായ് ഭാരതത്തിൽ,

എന്നിൽ ശരണമണക്കയാൽ ദാസരും
മന്നവൻ പോലുമവന്നുകീഴായ്.

പാപം വെടിഞ്ഞവൻ പീഡസഹിക്കയാൽ
പാടേയകന്നുപോയ് ബന്ധനങ്ങൾ

രാജസ്വപ്നങ്ങൾക്കു ഭാഷ്യംകൊടുത്തവൻ
രാജാധികാരത്തിലേറിപ്പിന്നെ.

സ്വന്തം ജനകനും സോദരന്മാർക്കുമേ
സന്തതം നാഥനായ്ത്തീർന്നുവല്ലോ.

നീയവനെപ്പോലടിമയായ്പ്പോവുക
ഞാനയത്തും നിന്നെ നായകനായ്

രാജസ്വപ്നങ്ങൾ യഥാർത്ഥമാക്കീടുവാൻ
ഞാൻ നിനക്കേകും കൃപാവരങ്ങൾ.

എൻ വിലാവിൽത്തൊട്ടു ചോരപുരണ്ട നി-
ന്നംഗുലിയിന്ത്യക്കു പാതകാട്ടും

ജീവജലം നിന്നിൽനിന്നൊഴുകിപ്പുര-
ന്നാവന്ധ്യനാടിനെ ശുദ്ധമാക്കും

സ്നേഹിച്ചു നീയെന്നെയാകയാലെൻ നെഞ്ചി-
ലേറിയ കുന്തം നിനക്കുമന്ത്യം.

നിന്നന്ത്യവിശ്രമസ്ഥാനത്തു പൂജക്കു
വന്നെത്തി വന്ദ്യരണിനിരക്കും.

നിൻെറ ശരീരാവശിഷ്ടങ്ങൾപോലുമേ
മന്നിനാശ്വാസം പകർന്നു നൽകും.

അപ്പുറം ദിവ്യപറുദീസയിൽ നിന-
ക്കുത്തമമന്ദിരം ഞാൻ ചമക്കും.

ഇന്നു നീയേല്ക്കുന്ന നിന്ദയും താഴ്മയും
അന്നത്തെ മേന്മക്കു മൂല്യമാകാ.

തോമ്മാനിനക്കായൊരുക്കിയിട്ടുണ്ടു ഞാൻ
പൊന്മകുടം; രത്നസിംഹാസനം.

പോക നീയിന്ത്യയിലേക്കെൻ സുവിശേഷ
മാകണ്ടമെങ്ങും പ്രഘോഷിക്കുക.

www.malankaralibrary.com

തോമസ്:

സകല കുററവും നീ പൊറുത്തീടണം
ജഗദധീശനാം കാരുണ്യവാരിധേ

സപദിപോകാം ഞാനിന്ത്യയിലെന്നല്ല
തിരുഹിതംപോലെ സർവദേശത്തിലും

പരമശത്രുക്കരം ചുററിലും നില്ക്കിലും
ഭയമെനിക്കില്ല നിൻനാമമോതുവാൻ

അടിമയായെന്നെവില്ക്കിലും പ്രേഷിത
പദവി നല്കിയയയ്ക്കിലും സമ്മതം.

അടിമയാണു ഞാൻ പ്രേഷിതനാണുഞാ–
നവിടുത്തെ സ്നേഹശിഷ്യനുമാണു ഞാൻ

തിരുനിണംചിന്തി വീണ്ടെടുത്തോർക്കുഞാ–
നവിരതാനന്ദസേവനം ചെയ്തിടാം

തരികനൽവരം നിൻവചനത്തിനൊ
രെളിയ ശുശ്രൂഷ ചെയ്തുമരിക്കുവാൻ

പരമ സൽഗുരോ ദൈവമേയെൻ വിഭോ
ചരണമാണെന്നുമീ ദാസനാശ്രയം.

(പാദനമസ്കാരം ചെയ്യുന്നു
യേശു അനുഗ്രഹിക്കുന്നു.)

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com